©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2026 ജൂലൈ 25
25th July 2026
1201 കർക്കടകം 9
9th Karkadakam 1201
1948 ശ്രാവണം 3
3rd Sravana 1948

നമ്പർ
No. 2137

കേരള സർക്കാർ

ക്ഷീരവികസന വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.10/2026/ഡിഡി

തീയതി, *തിരുവനന്തപുരം 2026 ജൂലൈ, 24*

1201 കർക്കടകം, 8

എസ്. ആർ. ഒ. നമ്പർ 655/2026

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ടിലെ (2007 ലെ 7) 8-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ, 2025 സെപറ്റംബർ 1-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 15/2025/ഡിഡി ഉത്തരവായി പുറപ്പെടുവിച്ചതും 2025 സെപ്റ്റംബർ 2-ാം തീയതിയിലെ 3151 നമ്പർ കേരള അസാധാരണഗസറ്റിൽ എസ്.ആർ.ഒ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ 1002/2025 ആയി പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പതിനാറ് അംഗങ്ങളുള്ള ഡയറക്ടർമാരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതിനാലും;

2026 ജനുവരി 08-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 01/2026/ഡിഡി ഉത്തരവായി പുറപ്പെടുവിച്ചതും 2026 ജനുവരി 08-ാം തീയതിയിലെ 89-ാം നമ്പർ കേരള അസാധാരണഗസറ്റിൽ എസ്.ആർ. ഒ.നമ്പർ 30/2026 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിലെ ചെയർമാനെ നാമനിർദ്ദേശം ചെയ്തുകൊണ്ട് മേൽപ്പറഞ്ഞ വിജ്ഞാപനം ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതിനാലും;

2026 ജൂൺ 6-ാം തീയതിയിലെ സ.ഉ.(കൈ) 12/2026/P&EA നമ്പർ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന ബോർഡ്/കോർപ്പറേഷനുകളിൽ മുൻ സർക്കാരിന്റെ കാലത്ത് നിയമിതരായി ചെയർമാൻ/വൈസ് ചെയർമാൻ/അംഗങ്ങൾ തുടങ്ങിയ പദവികളിൽ തുടരുന്നവരെ നിയമാനുസൃതം മാറ്റി പുതിയ ആൾക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഭരണവകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതിനാലും;

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ട് (2007 ലെ 7) പ്രകാരം രൂപീകരിക്കപ്പെട്ട കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് അതിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുള്ളതായി സർക്കാരിനു ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും;

2026 ജൂൺ 6, 8 എന്നീ തീയതികളിലെ KDFWF/1234/2026-C നമ്പർ കത്തുകൾ പ്രകാരം കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും ചെയർപേഴ്സൺ ഉൾപ്പെടെ അഞ്ച് പേർ രാജിവച്ച സാഹചര്യത്തിൽ പുതിയ ബോർഡ് പുനഃസംഘടിപ്പിക്കുന്നതുവരെ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കണം എന്ന് ശിപാർശ ചെയ്തതിനാലും;

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ടിലെ (2007-ലെ 7) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനെ ആറ് മാസത്തേയ്ക്ക് സൂപ്പർസീഡ് ചെയ്തുകൊണ്ടും 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ടിലെ (2007-ലെ 7) 22-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ പ്രസ്തുത ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ഭരണനിർവഹണത്തിനായി അഡ്മിനിസ്ട്രേറ്ററായി ഇതിനാൽ നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷീബ ജോർജ്ജ് ഐ എ എസ്

ഗവൺമെന്റ് സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ടിലെ (2007-ലെ 7) 8-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനുമായി സർക്കാർ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചു.

2025 സെപറ്റംബർ 1-ാം തീയതിയിലെ സ.ഉ.(അച്ചടി)നമ്പർ 15/2025/ഡിഡി ഉത്തരവായി പുറപ്പെടുവിച്ചിട്ടുള്ളതും 2025 സെപ്റ്റംബർ 2-ാം തീയതിയിലെ 3151-ാം നമ്പർ കേരള അസാധാരണഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1002/2025 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പതിനാറ് അംഗങ്ങളുള്ള ഡയറക്ടർമാരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചിരുന്നു. ആയത് 2026 ജനുവരി 08-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 01/2026/ഡിഡി ഉത്തരവായി പുറപ്പെടുവിച്ചതും 2026 ജനുവരി 08-ാം തീയതിയിലെ 89-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 30/2026 പ്രകാരം ഭേദഗതി ചെയ്തിരുന്നു.

2026 ജൂൺ 6-ാ ം തീയതിയിലെ സ.ഉ.(കൈ) 12/2026/P&EA നമ്പർ ഉത്തരവ് പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് നിയമിതരായ ചെയർപേഴ്സൺ ഉൾപ്പെടെയുള്ള അഞ്ച് അംഗങ്ങൾ രാജിവച്ചതിനാലും കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് അതിന്റെ നിയമാനുസൃത ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുകയും ഭരണപരമായ പരാജയവും കണക്കിലെടുത്ത് 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ടിലെ (2007 ലെ 7) 22-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും ആറുമാസക്കാലയളവിലേക്ക് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനെ സൂപ്പർസീഡ് ചെയ്തുകൊണ്ട് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അഡ്മിനിസ്ട്രേറ്ററായി നിയമിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.25 12:46:41 +05:30